**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- അച്ചടക്ക നടപടി- ഇടുക്കി ജില്ലാ ശുചിത്വമിഷൻ പ്രചരണ ബോർഡുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികളിലെ വീഴ്ച- മുൻ പ്രോജക്ട് ഓഫീസർ, ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെയുള്ള നടപടി- ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും രൂ.200/- വീതം 5 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ) നം. 694/2020/ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി: 20.03.2020

---

പരാമർശം :-1) ശുചിത്വമിഷൻ ജില്ലാകോർഡിനേറ്റർ സമർപ്പിച്ച 12/10/2012-ലെ 2/റ്റി എസ് സി ഇടുക്കി/2012 നമ്പർ കത്ത്.

2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച 07/12/2012-ലെ 4364/എ/2012/എസ്എം നമ്പർ കത്ത്.

3) ഗ്രാമവികസന കമ്മീഷണറുടെ 04/04/2016, 20/07/2016, 22/02/2017, 29/05/2017, 25/09/2017 എന്നീ തീയതികളിലെ 13823/എസ്റ്റാ.എ 2/13/ സിആർഡി നമ്പർ കത്തുകൾ.

4) ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെയുള്ള 18/03/2017-ലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.

5) ശ്രീ.വി.കെ.ചന്ദ്രശേഖരൻ 09/04/2017-ൽ സമർപ്പിച്ച പ്രതിവാദപത്രിക

6) 17/04/2017-ലെ സ.ഉ (സാധാ) നം.1170/2017/തസ്വഭവ നമ്പർ ഉത്തരവ്.

7) സ.ഉ (സാധാ) നം.2296/2017/തസ്വഭവ, തീയതി 06/07/2017.

8) ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച 31/08/2017-ലെ അന്വേഷണ റിപ്പോർട്ട്.

9) ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെയുള്ള 14/11/2017-ലെ കാരണം കാണിക്കൽ നോട്ടീസ്.

10) കേരള പബ്ലിക് സർവ്വീസ് കമ്മീഷണന്റെ 14/02/2019-ലെ എ 1-1/11/2019-കെ.പി.എസ്.സി നമ്പർ കത്ത്.

11) ശ്രീ.വി.കെ. ചന്ദ്രശേഖരനെതിരെയുള്ള 18/09/2019-ലെ കാരണം കാണിക്കൽ നോട്ടീസ്.

12) ശ്രീ.വി.കെ.ചന്ദ്രശേഖരൻ സമർപ്പിച്ച 15/01/2020-ലെ മറുപടി.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികളിലുണ്ടായ വീഴ്ച സംബന്ധിച്ച് ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതലയുണ്ടായിരുന്ന ഡോ.പി.കെ.സനൽകുമാർ സമർപ്പിച്ച പരാമർശം (1) ലെ കത്തിന്റെ

അടിസ്ഥാനത്തിൽ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ.വി.കെ.ചന്ദ്രശേഖരൻ ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നപ്പോഴാണ് ഗുരുതരമായ നടപടിക്രമ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും നടന്നതെന്നും നിയമാനുസൃത ഭരണാനുമതിയും സാങ്കേതികാനുമതിയും നേടാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതുവഴി പൊതുധന ദുർവ്വിനിയോഗം സംഭവിച്ചതായും മുൻ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ശ്രീ.വി.കെ.ചന്ദ്രശേഖരൻ, മുൻ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, ഇടുക്കി ശ്രീ.പി.കെ.മോഹനൻ, എന്നിവർ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളാണെന്നും ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്ന ശ്രീ.വി.കെ.ചന്ദ്രശേഖരനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി വിശദമായി വകുപ്പുതല അന്വേഷണം നടത്തണമെന്നും ജില്ലാ ശുചിത്വ മിഷൻ യോഗത്തിൽ പകരം അദ്ധ്യക്ഷത വഹിച്ച് തീരുമാനങ്ങളെടുക്കുകയും അത് ജില്ലാ പ്രസിഡന്റിനെയോ ജില്ലാ കളക്ടറെയോ അറിയിക്കാതെ മേൽ നടപടികൾ സ്വീകരിച്ച പി.എ.യു പ്രോജക്ട് ഡയറക്ടർ ശ്രീ.പി.കെ.മോഹനന്റെ പങ്ക് പരിശോധിക്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തു. ശ്രീ.പി.കെ.മോഹനൻ കുറ്റക്കാരനാണെന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാനെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി. ഇടുക്കി ജില്ലാ ശുചിത്വ മിഷൻ പ്രചരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിയമാനുസൃത ഭരണാനുമതിയും സാങ്കേതിക അനുമതിയും നേടാതെ 50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രോജക്ടിന് ലാഘവ ബുദ്ധിയോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് നടപ്പാക്കിയതിന്റെ പ്രധാന ഉത്തരവാദി ഇടുക്കി ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ആയിരുന്ന ശ്രീ.വി.കെ.ചന്ദ്രശേഖരൻ ആണെന്നും ടിയാന്റെ നടപടികൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും ധനദുർവിനിയോഗവും നിലവിലുള്ള ടെണ്ടർ നടപടിക്രമങ്ങളുടെ ലംഘനവുമായതിനാൽ ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) ലെ 20.07.2016-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തു.

ശ്രീ.വി.കെ.ചന്ദ്രശേഖരന് പരാമർശം (4) പ്രകാരം കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) 1960 ചട്ടം 15 പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി. ടിയാൻ പരാമർശം (5) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു. പ്രതിവാദപത്രികയിൽ ടിയാൻ കുറ്റം നിഷേധിച്ചു. ഔപചാരികാന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

ശ്രീ.ഷൗക്കത്തലിയെ പരാമർശം (7) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് പരാമർശം (8) പ്രകാരം സമർപ്പിച്ചു.

പ്രതിവാദപത്രികയിൽ ശ്രീ.വി.കെ.ചന്ദ്രശേഖരൻ ഉന്നയിച്ചിരിക്കുന്ന വസ്തുതകൾ നിലവിലെ സർക്കാർ ചട്ടങ്ങളുടെയോ നിയമങ്ങളുടെയോ പിൻബലമില്ലാത്തതും യുക്തിസഹവുമല്ലെന്നും KFC Vol 1 ആർട്ടിക്കിൾ 7 പാലിക്കപ്പെട്ടിട്ടില്ലെന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അലംഭാവവും അനാസ്ഥയുമുണ്ടായിട്ടുണ്ടെന്നും കേരള ഫിനാൻഷ്യൽ കോഡ്, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ലെന്നും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഹൈടെക് കോൺക്രീറ്റ് ഇൻഡസ്ട്രീസിനെ കരാറിൽ നിന്ന് ഒഴിവാക്കിയ നടപടിയും ടെൻഡർ സേവിംഗ്സ് തുക അധിക പ്രവൃത്തിയ്ക്കായി ടെണ്ടർ ക്രമം പാലിക്കാതെ കരാർ നിരക്കിൽ അനുവദിച്ചതിലും സാമ്പത്തിക അഴിമതി ഉണ്ടായിട്ടുള്ളതായി അനുമാനിക്കാവുന്നതാണെന്നും ടെണ്ടർ ഫോറം വിലയിൽ കുറവ് വരുത്തി ഈടാക്കിയത് ഗുരുതരമായ സാമ്പത്തിക നഷ്ടം സർക്കാരിന് ഉണ്ടാക്കിയിരിക്കുന്നതായും പ്രതിവാദ പത്രികയിൽ ശ്രീ.ചന്ദ്രശേഖരൻ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത് രാജ് ചട്ടം 250-ഉം കെ.എസ്.ആർ.ഭാഗം III ചട്ടം ബി II-ഉം ഈ സംഗതിയിൽ ബാധകമല്ലെന്നും അന്വേഷണത്തിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുന്നതിന് 18/08/2017 ൽ കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മുഖേന അറിയിപ്പ് നൽകിയിട്ടും ടിയാൻ ഹാജരായില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു.

ശ്രീ.വി.കെ.ചന്ദ്രശേഖരൻ 31/03/2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ടിയാനെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3 (a) പ്രകാരം നടപടി തുടരുന്നതിന്റെ ഭാഗമായി പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി നോട്ടീസിന് ടിയാൻ മറുപടി നൽകിയില്ല. ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് നടപടി തീർപ്പാക്കുന്നതിനും സർക്കാരിനു നഷ്ടമായ 1,92,200/- രൂപ ടിയാന്റെ ഡിസിആർജിയിൽ നിന്നും ഈടാക്കുന്നതിനും താൽക്കാലികമായി തീരുമാനിച്ച് താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടി.

പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും എന്നാൽ ശ്രീ.വി.കെ.ചന്ദ്രശേഖരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നത് സംബന്ധിച്ച് 14.11.2017-ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ടിയാനെ അറിയിക്കുന്നതിനായി പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി ചട്ടപ്രകാരം നടപടി തീർപ്പാക്കുവാൻ പരാമർശം (10) പ്രകാരം ഉപദേശം നൽകുകയും ചെയ്തു. ശ്രീ.വി.കെ.ചന്ദ്രശേഖരന്

പരാമർശം (11) പ്രകാരം സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നൽകി. ടിയാന് പരാമർശം (12) പ്രകാരം മറുപടി നൽകി. മറുപടിയിൽ ടിയാൻ കുറ്റം നിഷേധിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇടുക്കി ദാരിദ്ര്യലഘൂകരണ യൂണിറ്റിലെ മുൻ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ശ്രീ.വി.കെ.ചന്ദ്രശേഖരൻ സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അലംഭാവവും അനാസ്ഥയും വരുത്തിയിട്ടുണ്ടെന്നും കേരള ഫിനാൻഷ്യൽ കോഡ്, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ലെന്നും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഹൈടെക് കോൺക്രീറ്റ് ഇൻഡസ്ട്രീസിനെ കരാറിൽ നിന്ന് ഒഴിവാക്കിയതിലും ടെൻഡർ സേവിംഗ്സ് തുക അധിക പ്രവൃത്തിയ്ക്കായി ടെണ്ടർ ക്രമം പാലിക്കാതെ കരാർ നിരക്കിൽ അനുവദിച്ചതിലും സാമ്പത്തിക അഴിമതി ഉണ്ടായിട്ടുണ്ടെന്നും ടെണ്ടർ ഫോറം വിലയിൽ കുറവ് വരുത്തി ഈടാക്കിയത് ഗുരുതരമായ സാമ്പത്തിക നഷ്ടം സർക്കാരിന് ഉണ്ടാക്കിയിട്ടുണ്ടെന്നും കണ്ടെത്തിയതിനാൽ ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെയുള്ള നടപടികൾ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും രൂ.200/- വീതം 5 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ടും സർക്കാരിനു നഷ്ടമായ 1,92,200/- രൂപ ടിയാന്റെ ഡിസിആർജിയിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകികൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ.എസ്.കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

1) ശ്രീ.വി.കെ.ചന്ദ്രശേഖരൻ, മുൻ പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ്, ഇടുക്കി (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ